# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.88 **09.08.2017** -ൽ മറുപടിക്ക്

**<u>സിനിമാ മേഖലയിലെ അനഭിലഷണീയമായ പ്രവണതകൾ</u>**

**<u>ചോദ്യം</u>**

ശ്രീ.ഇ.കെ.വിജയൻ
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീമതി സി.കെ.ആശ
ശ്രീ. കെ.രാജൻ

**<u>ഉത്തരം</u>**

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിനിമാ മേഖലയിലെ അനഭിലഷണീയമായ പ്രവണതകൾ ഒഴിവാക്കുന്നതിന് ഏതൊക്കെ തരത്തിലുള്ള നിയന്ത്രണങ്ങൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്; | (എ), (ബി), (സി) & (ഡി) | സിനിമാ മേഖലയിലെ അനഭിലഷണീയമായ പ്രവണതകൾ, ക്രിമിനൽ വൽക്കരണം എന്നിവ ഒഴിവാക്കുന്നതിനും സിനിമാമേഖലയിൽ തൊഴിലെടുക്കുന്നവർക്ക് തൊഴിൽ നിയമങ്ങൾ ബാധകമാക്കുക, സിനിമാ സംഘടനകൾക്കുള്ള മാർഗ നിർദ്ദേശങ്ങൾ നൽകുക എന്നിവ ഉൾപ്പെടെ ഒരു നിയമ നിർമ്മാണം നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.<br><br>സിനിമാരംഗത്ത് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നതിനായി രൂപീകരിക്കപ്പെട്ട വിമൺ കളക്ടീവ് ഇൻ സിനിമ എന്ന സംഘടനയുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിനു ജസ്റ്റിസ് കെ.ഹേമ അദ്ധ്യക്ഷയായി ഒരു വിദഗ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്.<br><br>സിനിമ നിർമ്മാണം, വിതരണം, പ്രദർശനം തുടങ്ങിയ സമസ്ത മേഖലകളെയും ഉൾക്കൊള്ളിച്ചു കൊണ്ടും, നിലവിലെ സിനിമാ റഗുലേഷൻ ആക്ടിൽ അധികാരം നൽകിയിട്ടുള്ള എല്ലാ വകുപ്പുകളുടേയും പ്രതിനിധികളും സിനിമാ വ്യവസായത്തിലെ പ്രധാന സംഘടനകളുടെ പ്രതിനിധികളും നിയമോപദേഷ്ടാക്കളും സർക്കാർ പ്രതിനിധികളും ഉൾപ്പെടുന്നതായ ഒരു അതോറിറ്റി രൂപീകരിക്കണം എന്ന അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ 'സിനിമാ റഗുലേറ്ററി അതോറിറ്റി' രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. |
| (ബി) | സിനിമാ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് തൊഴിൽ നിയമങ്ങൾ ബാധകമാക്കുമോ; | | |
| (സി) | സിനിമാ സംഘടനകളുടെ മേൽ ഏതെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്താനാണ് ആലോചിക്കുന്നത്; | | |
| (ഡി) | സിനിമാ മേഖലയിലെ ക്രിമിനൽ വൽക്കരണം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**